# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 16.09.2025** **TIME:12.50 PM**

### പ്രധാന വാർത്തകൾ

1. രാജ്യത്തെ ലഹരിമുക്തമാക്കുന്നതിൽ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ

   **Union Home Minister Amit Shah says the central government is committed to making India into a drug-free nation.**

2. കേരളത്തിൽ പൊലീസ് അതിക്രമങ്ങളും കസ്റ്റഡി മർദ്ദനവും സംബന്ധിച്ചുള്ള അടിയന്തരപ്രമേയത്തിന്മേൽ നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു.

   **Discussion on the adjournment motion on police atrocities and custodial torture is progressing in Kerala Assembly.**

3. ഉത്തരാഖണ്ഡിൽ കനത്ത മഴ തുടരുന്നു. സ്ഥിതിഗതി കൾ വിലയിരുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയുമായി ടെലിഫോൺ സംഭാഷണം നട ത്തി

   **Heavy rain continues in Uttarakhand. Prime Minister Narendra Modi had a telephone conversation with the Uttarakhand Chief Minister to assess the situation.**

4. ദോഹയിൽ നടന്ന ആക്രമണത്തിൻറെ പശ്ചാത്തല ത്തിൽ ഇസ്രായേലുമായു ള്ള ബന്ധം പുനഃപരിശോധി ക്കാൻ ഒരുങ്ങി അറബ് ലീഗ് നേതാ ക്കൾ

   **Arab League leaders to review ties with Israel in the wake of the attack in Doha.**

5. ഏഷ്യാകപ്പ് ട്വൻറി-20 ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്-അഫ്ഗാനിസ്ഥാൻ പോരാട്ടം.

**Bangladesh-Afghanistan clash in Asia Cup Twenty20 cricket today.**

❁❁❁❁❁❁❁❁❁❁❁❁❁

## MORN. BIHAR PM

ബീഹാർ, പശ്ചിമ ബംഗാൾ, അസം സംസ്ഥാനങ്ങളെ നുഴഞ്ഞു കയറ്റക്കാരിൽ നിന്ന് മോചിപ്പിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധ മാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബീഹാറിലെ പൂർണിയയിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അനധികൃത നുഴഞ്ഞു കയറ്റക്കാർ ഇന്ത്യയുടെ കിഴക്കൻ മേഖലയിൽ ഗുരുതരമായ ജനസംഖ്യാ പ്രതിസന്ധി സൃഷ്ടിയ്ക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## AMIT SHAH - ANTF

രാജ്യത്തെ ലഹരിമുക്തമാക്കുന്നതിൽ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധ മെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ. സംസ്ഥാനങ്ങളിലെയും, കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ലഹരി വിരുദ്ധ ടാസ്ക് ഫോഴ്സ് മേധാവിമാരുടെ രണ്ടാം ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രണ്ട് ദിവസത്തെ മയക്കുമരുന്ന് മുക്ത ഇന്ത്യ സാധ്യമാക്കുന്ന തിനായുള്ള കേന്ദ്രസർക്കാരിൻറെ ശ്രമങ്ങൾ ശക്തിപ്പെടുത്തുകയാണ് സമ്മേളനത്തിൻറെ ലക്ഷ്യം. ലഹരിക്കെതിരായ പോരാട്ടത്തിൽ വിവിധ സംസ്ഥാനങ്ങളും സർക്കാർ ഏജൻസികളും കൈവരിച്ച പുരോഗതി സമ്മേളനം അവലോകനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## SEVA PARV (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയാണ് കഴിഞ്ഞ 11 വർഷമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നത്. കാലാവസ്ഥാ വ്യതിയാനം ആഗോള തലത്തിൽ വലിയ വെല്ലുവിളികൾ സൃഷ്ടിക്കുന്ന കാലത്ത് ഇന്ത്യ ആഗോള കാലാവസ്ഥാ ചാമ്പ്യനായതെങ്ങനെ എന്നാണ് ഇന്നത്തെ സേവാ പർവ്വിലൂടെ വിശദമാക്കുന്നത്.....

(വോയിസ്)

(ഹോൾഡ് മ്യൂസിക്)
വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യങ്ങളുള്ള ഒരു വികസ്വര രാഷ്ട്രം എന്നതിൽ നിന്ന് ഇന്ത്യ ഒരു ആഗോള കാലാവസ്ഥാ ചാമ്പ്യനായി അതിവേഗം ഉയർന്നുവന്നിരിക്കുന്നു. കഴിഞ്ഞ 11 വർഷമായി, വന സംരക്ഷണം മുതൽ സൗരോർജ്ജ മേൽക്കൂരകൾ വരെ, വളർച്ചയും സുസ്ഥിരതയും പരസ്പരം കൈകോർത്തുള്ള വികസനമാണ് രാജ്യത്ത് നടക്കുന്നത്. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ അമേരിക്കൻ സന്ദർശന വേളയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക ജനസംഖ്യയുടെ 17 ശതമാനവും ഇന്ത്യയിലാണെന്നും എന്നാൽ നമ്മുടെ കാർബൺ ബഹിർഗമനം നാല് ശതമാനത്തിൽ താഴെയാണെന്നും പറഞ്ഞു.
(ഹോൾഡ് പിഎം വോയിസ്)
ദൈനംദിന ജീവിതത്തിൽ ലളിതവും സുസ്ഥിരവുമായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് ലൈഫ്സ്റ്റൈൽ ഫോർ എൻവയോൺമെന്റ് എന്ന ആഗോള പ്രസ്ഥാനത്തിനും രാജ്യം തുടക്കമിട്ടു. ബാക്കുവിൽ നടന്ന COP29-ൽ, ഗ്രീൻ ഹൈഡ്രജൻ, വ്യാവസായിക ഡീകാർബണൈസേഷൻ, സ്ത്രീകൾ നയിക്കുന്ന കാലാവസ്ഥാ പ്രവർത്തനം എന്നിവയിലെ മുന്നേറ്റങ്ങളും ഇന്ത്യ ഉയർത്തിക്കാട്ടി.
(ഹോൾഡ് മ്യൂസിക്)

## SEVA PARV-DISCUSSION

സേവാ പർവ്വിൻറെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക ചർച്ച ഇന്ന് വൈകിട്ട് 3.30 ന് പ്രക്ഷേപണം ചെയ്യും. കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെ കുറിച്ചുള്ള ചർച്ചകളിൽ ഇന്ന് നാരി ശക്തി വന്ദൻ അധിനിയത്തെ കുറിച്ച് ദേശീയ വനിത കമ്മീഷൻ ഉപദേശകസമിതി അംഗം അഡ്വക്കേറ്റ് ജി. അഞ്ജന ദേവി സംസാരിക്കുന്നു.

## SWACHHATA HI SEVA

കേന്ദ്രസർക്കാരിൻറെ സ്വച്ഛതാ ഹി സേവ 2025 കാമ്പയിന് നാളെ തുടക്കമാകും. ഈ വർഷത്തെ കാമ്പയിൻ സ്വച്ഛോത്സവ് - ശുചിത്വത്തിൻറെ ഉത്സവം ആയി ആഘോഷിക്കും. കേന്ദ്ര മന്ത്രിമാരായ മനോഹർ ലാലും

സിആർ പാട്ടീലും ന്യൂഡൽഹിയിൽ സംയുക്തമായി നടത്തിയ വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം പ്രഖ്യാപിച്ചത്.

☸☸☸☸☸☸☸☸☸☸☸☸☸

## STAFF SELECTION

കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ പരീക്ഷ റദ്ദാക്കിയതായി സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്ത തെറ്റാണെന്ന് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ അറിയിച്ചു. രാജ്യത്തുടനീളം നിശ്ചയിച്ച മുറയ്ക്ക് സുഗമമായി പരീക്ഷ നടന്നുകൊണ്ടിരിക്കുന്നതായി കേന്ദ്ര പേഴ്സണൽ, പബ്ലിക് ഗ്രീവൻസസ്, പെൻഷൻസ് മന്ത്രാലയം അറിയിച്ചു. ഈ മാസം 12 ന് ആരംഭിച്ച പരീക്ഷ 26 വരെ തുടരുമെന്നും സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## CBDT ITR EXTENSION

ആദായ നികുതി റിട്ടേണുകൾ പിഴയില്ലാതെ സമർപ്പിക്കാനുള്ള അവസാന തീയതി ഒരു ദിവസത്തേയ്ക്ക് കൂടി നീട്ടി. റിട്ടേണുകൾ ഇന്ന് കൂടെ സമർപ്പിക്കാവുന്നതാണെന്ന് ആദായ നികുതി വകുപ്പ് സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ആറ് കോടിയിലധികം റിട്ടേണുകൾ ഇതുവരെ ലഭിച്ചതായാണ് കണക്കുകൾ വ്യക്തമാ ക്കുന്നത്. ഐടിആർ ഫയലിങ്, നികുതി അടക്കൽ, മറ്റ് അനുബന്ധ സേവനങ്ങൾ എന്നിവക്കായി നികുതിദായകരെ സഹായിക്കാനായി 24 മണിക്കൂറും ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## ASSEMBLY TODAY

പൊലീസ് അതിക്രമങ്ങളും കസ്റ്റഡി മർദ്ദനവും സംബന്ധിച്ചുള്ള അടിയന്തര പ്രമേയത്തിന്മേൽ കേരള നിയമസഭയിൽ ചർച്ച യാരംഭിച്ചു. കോൺഗ്രസിലെ റോജി എം ജോൺ ആണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. വിഷയം സഭ നിർത്തിവെച്ച് ചർച്ച ചെയ്യാമെന്ന് മുഖ്യമന്ത്രി അറിയിച്ചു. 12 മണി മുതൽ രണ്ടു മണിക്കൂർ ചർച്ചയ്ക്കാണ് സ്പീക്കർ സമയം അനുവദിച്ചിട്ടുള്ളത്. ചർച്ച പുരോഗമിക്കുകയാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## ASSEMBLY WAYANAD

വയനാട് മുണ്ടക്കൈ - ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനുള്ള ടൌൺഷിപ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. ടൌൺഷിപ് നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വയനാട് ജില്ലാ കളക്ടർ ചെയർപേഴ്സണായ കോ ഓർഡിനേഷൻ കമ്മിറ്റി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തുന്നുണ്ടെന്നും ചോദ്യോത്തര വേളയിൽ മുഖ്യമന്ത്രി വ്യക്തമാക്കി.

## UTTARAKHAND-RAIN

ഉത്തരാഖണ്ഡിലെ ഡെഹ്റാഡൂണിൽ സഹസ്രധാര പ്രദേശത്ത് ഇന്നലെ രാത്രി മുതൽ പെയ്യുന്ന കനത്ത മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. അടിയന്തര ദുരിതാശ്വാസ രക്ഷാപ്രവർത്തന ത്തിലൂടെ ഏകദേശം 100 പേരെ രക്ഷപ്പെടുത്തി. തുടർച്ചയായ മഴയെത്തുടർന്ന് നഗരത്തിലെ പല ഭാഗങ്ങ ളിലും റോഡുകൾക്കും പാലങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു. മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ദുരിതബാധിത പ്രദേശങ്ങളിൽ നേരിട്ട് പരിശോധന നടത്തുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. ഡെറാഡൂൺ, നൈനിറ്റാൾ, ചമ്പാവത്ത് ജില്ലകളിൽ ഇന്ന് കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചു.

## PM SHAH UTTARAKHAND (INTRO)

ഉത്തരാഖണ്ഡിലെ കനത്ത മഴയെത്തുടർന്നുണ്ടായ സ്ഥിതിഗതികൾ വിലയിരുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുമായി ടെലിഫോൺ സംഭാഷണം നടത്തി. ഉത്തരാ ഖണ്ഡിന് സാധ്യമായ എല്ലാ സഹായവും ഇരുവരും ഉറപ്പുനൽകി. ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി അറിയിച്ചു. കേന്ദ്ര സർക്കാരിൻറെ പൂർണ്ണ പിൻതുണ ലഭിച്ചതിൽ പ്രധാനമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും പുഷ്കർ സിംഗ് ധാമി നന്ദി അറിയിച്ചു.

(വോയിസ്)

## ARAB LEAGUE_HAMAS

ഖത്തർ തലസ്ഥാനമായ ദോഹയിൽ ഹമാസ് അംഗങ്ങൾക്കെതിരെ നടന്ന ആക്രമണത്തിൻ്റെ പശ്ചാത്തലത്തിൽ ഇസ്രായേലുമായുള്ള ബന്ധം പുനഃപരിശോധിക്കാൻ ഒരുങ്ങി അറബ് ലീഗ് നേതാക്കൾ. ഇതുമായി ബന്ധപ്പെട്ട് ഇന്നലെ അറബ് ലീഗിന്റെയും ഓർഗനൈ സേഷൻ ഓഫ് ഇസ്ലാമിക് കോഓപ്പറേഷൻ്റെയും സംയുക്ത സമ്മേളനം ദോഹയിൽ നടന്നു. ഇസ്രായേൽ നടത്തിയ ആക്രമണ ത്തിന് ശക്തമായ നടപടി കൈക്കൊള്ളാനും പലസ്തീൻ ജനത യ്ക്കെതിരായ നടപടികൾ തടയാൻ സാധ്യമായ എല്ലാം ചെയ്യാനും സമ്മേളനത്തിൽ തീരുമാനമായി. അതേസമയം, ഇനി ഇസ്രായേൽ ഖത്തറിനെ ആക്രമിക്കില്ലെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി.

## ASIA CUP

ഏഷ്യാകപ്പ് ട്വൻറി-20 ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്ക് അബുദാബി ഷെയ്ഖ് സായിദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

## PM - VYSHALI

FIDE വനിതാ ഗ്രാൻഡ് സ്വിസ് 2025 വിജയിച്ച വൈശാലി രമേശ്ബാബു, ചൈനയിൽ നടന്ന സ്പീഡ് സ്കേറ്റിംഗ് ലോക ചാമ്പ്യൻഷിപ്പ് 2025ൽ സീനിയർ പുരുഷന്മാരുടെ 1000 മീറ്റർ സ്പ്രിന്റ് ഇനത്തിൽ സ്വർണ്ണ മെഡൽ നേടിയ ആനന്ദ്കുമാർ വേൽകുമാർ എന്നിവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് എന്നിവർ അഭിനന്ദിച്ചു. വൈശാലിയുടെ അഭിനിവേശവും സമർപ്പണവും മാതൃകാപര മാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.
വേൽകുമാറിന്റെ ധൈര്യവും വേഗതയും മനോഭാവവുമാണ് അദ്ദേഹത്തെ സ്കേറ്റിംഗിൽ ഇന്ത്യയിലെ ആദ്യത്തെ ലോക ചാമ്പ്യനാക്കിയതെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

## GST REFORMS

ചരക്ക് സേവന നികുതിയിൽ കൊണ്ടുവന്ന പുത്തൻ തലമുറ പരിഷ്കാരങ്ങൾ ഇന്ത്യയുടെ കാലാവസ്ഥാ സംരക്ഷണത്തിനും സുസ്ഥിരതയ്ക്കുമുള്ള പ്രതിബദ്ധതയെ കാണിക്കുന്നതായി കേന്ദ്ര സർക്കാർ. പുനരുപയോഗ ഊർജ്ജ സാങ്കേതിക വിദ്യകൾ, മാലിന്യ സംസ്കരണ സേവനങ്ങൾ, ഹരിത ഗതാഗതം തുടങ്ങിയവയിൽ ഏർപ്പെടുത്തിയ നികുതിയിളവ് ഇതിനുദാഹരണമാണ്. പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനു മുൾപ്പെടെ ഇത് സഹായകമാകും.

## CBSE CRITERIA

10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകൾ എഴുതുന്ന വിദ്യാർത്ഥി കൾക്ക് 75 ശതമാനം ഹാജർ നിർബന്ധമാണെന്ന് സിബിഎസ്ഇ അറിയിച്ചു. വിദ്യാർത്ഥികളുടെ ഹാജർ നില ഇനി മുതൽ ഇന്റേണൽ അസസ്മെന്റുമായി നേരിട്ട് ബന്ധിപ്പിക്കും. നിർബന്ധിത മാനദണ്ഡങ്ങൾ പാലിക്കാത്ത വിദ്യാർത്ഥികളെ ബോർഡ് പരീക്ഷ എഴുതാൻ അനുവദിക്കില്ലെന്നും ബോർഡ് വ്യക്തമാക്കി.

## WOMENS CLINICs

രാജ്യത്ത് ആദ്യമായി എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും പ്രത്യേക വനിതാ ക്ലിനിക്കുകൾ ആരംഭിക്കാനൊരുങ്ങി കേരളം. ക്ലിനിക്കുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പള്ളിത്തുറ ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ഇന്ന് മന്ത്രി വീണാ ജോർജ് നിർവഹിക്കും.